The Heavenly Light Ministry

നീയല്ലോ ഞങ്ങൾക്കുള്ള ദിവ്യ സമ്പത്തേശുവേ
നീയല്ലാതില്ല ഭൂവിൽ ആഗ്രഹിപ്പാനാരുമേ
        നീയല്ലോ ഞങ്ങൾക്കായ് മന്നിടത്തിൽ വന്നതും
        നീചരാം ഞങ്ങളുടെ പാപമെല്ലാമേററതും ... നീയല്ലോ
കാൽവറി മലമുകളേറി നീ ഞങ്ങൾക്കായ്
കാൽകരം ചേർന്നു തൂങ്ങി മരിച്ചുയിരേകിയ ... നീയല്ലോ
        അന്നന്നു ഞങ്ങൾക്കുള്ളതെല്ലാം തന്നു പോററുന്നോൻ
        ഇന്നുമെന്നും കൂടെയുണ്ടെന്നുള്ള വാക്കുതന്നവൻ... നീയല്ലോ
ശത്രുവിന്നഗ്നിയസ്ത്രം ശക്തിയോടെ തീർക്കുന്ന
മാത്രയിൽ ജയം തന്നു കാത്തു സൂക്ഷിച്ചീടുന്ന ... നീയല്ലോ
        ജനകനുടെ വലമമർന്നു നീ ഞങ്ങൾക്കായ്
        ദിനംപ്രതി പക്ഷവാദം ചെയ്തു ജീവിച്ചിടുന്ന ... നീയല്ലോ
ലോകത്തിൽ ഞങ്ങൾക്കുള്ളതെല്ലാം നഷ്ടമാകിലും
ലോകക്കാർ നിത്യം ദുഷിച്ചീടിലും പൊന്നേശുവേ ... നീയല്ലോ
        നിത്യജീവമൊഴികൾ നിന്നിലുണ്ട് പരനേ
        നിന്നെവിട്ടിട്ടടിയങ്ങൾ എങ്ങുപോയി വസിക്കും ... നീയല്ലോ